LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന പേയിംഗ് കൗണ്ടറുകളുടെ നിയന്ത്രണം

79 [177] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്ന പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനത്തിൽ സർക്കാരിന് നിയന്ത്രണം ഉണ്ടോ;

(ബി) പേയിംഗ് കൗണ്ടറുകളുടെ പ്രവർത്തനം മറ്റ് താലൂക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും കൂടി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഇന്റൻസീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മെഡിക്കൽ കോളേജുകളിലെ പേയിംഗ് കൗണ്ടറുകൾ ആശുപത്രി വികസന സമിതിയുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ആശുപത്രി വികസന സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടറാണ്.

(ബി) പേയിംഗ് കൗണ്ടറുകൾ നിലവിൽ ഇല്ലാത്ത താലൂക്ക് ആശുപത്രികളിലും, ജില്ലാ ആശുപത്രികളിലും പേയിംഗ് കൗണ്ടറുകൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇന്റൻസീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം ജില്ലാ ആശുപത്രികളിൽ ഇപ്പോൾ തന്നെ ലഭ്യമാണ്. സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലം താലൂക്ക് ആശുപത്രികളിൽ ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

കോഴിക്കോട് മെഡിക്കൽ കോളേജിലെ ആധുനിക ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ നടപടി

80 [178] *ശ്രീ. യു. സി. രാമൻ:*
,, *സി. മമ്മൂട്ടി:*
,, *ടി. പി. എം. സാഹിർ:*
,, *സി. മോയിൻകുട്ടി:*
,, *സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ നൽകുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ആധുനിക ഉപകരണങ്ങളിൽ പ്രവർത്തനരഹിതമായത് ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;